പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1467

14/12/2012 - ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി

| ചോദ്യം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|
| (എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം മറ്റാനുകൂല്യങ്ങൾ, ജോലി ചെയ്യേണ്ട സമയ ക്രമം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ നിലവിലെ പ്രതിദിന വേതനം 164 രൂപയാണ്. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം തൊഴിൽ നല്കുന്നതിനും യഥാസമയം തൊഴിൽ ലഭിച്ചില്ലായെങ്കിൽ തൊഴിലില്ലായ്മാ വേതനത്തിനും തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ താമസസ്ഥലത്തിന് 5 കി.മി ന് പുറത്ത് പണിയെടുക്കുന്നവർക്ക് കൂലിയുടെ 10% യാത്രാബത്തയ്ക്കും അർഹതയുണ്ട്. പ്രവൃത്തി സ്ഥലത്ത് തണൽ, കുടിവെള്ളം, തുറസ്സായ സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സംവിധാനം, തൊഴിലാളികളുടെ ആറുവയസ്സിൽ താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികൾ പണി സൈറ്റിൽ ഉണ്ടെങ്കിൽ അവരെ നോക്കാൻ ആയ, പരിക്ക് പറ്റിയാൽ പ്രഥമ ശുശ്രൂഷ സൗകര്യം/ സൗജന്യ ചികിത്സ, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ പ്രസ്തുത വ്യക്തിയ്ക്ക് പ്രവൃത്തി സ്ഥലത്ത് തുടർന്നുള്ള ദിവസങ്ങളിൽ പണിയെടുത്തിരുന്നെങ്കിൽ കിട്ടുമായിരുന്ന കൂലിയുടെ പകുതിക്ക് തുല്യമായ തുക ദിനബത്ത, പ്രവൃത്തിക്കിടയിൽ തൊഴിലാളിക്കോ അവരെ അനുഗമിക്കുന്ന കുട്ടിക്കോ മരണം/സ്ഥിരം അംഗവൈകല്യം സംഭവിച്ചാൽ 25000/- രൂപ എക്സ്-ഗ്രേഷ്യ ആനുകൂല്യം, 15 ദിവസത്തിലധികം പണിയെടുത്തവർക്ക് ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ആരോഗ്യ പരിരക്ഷ എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്. |

മേൽപറഞ്ഞ ആനുകൂല്യങ്ങൾക്ക് പുറമേ സംസ്ഥാനത്ത് 2011-12 വർഷം 100 ദിവസം തൊഴിൽ പൂർത്തീകരിച്ച സ്ത്രീ തൊഴിലാളികളുടെ കുടുംബത്തിന് 1000 രൂപ ഒരു തവണ ധനസഹായം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16.08.2012 ലെ സ.ഉ (സാധ) നം.223/12/തസ്വഭവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെ എന്നതിനുപകരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) എന്ന് പുനർ നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിൽ ഏതെല്ലാം തൊഴിലുകൾ അംഗങ്ങൾ ചെയ്യേണ്ടി വരുമെന്ന് വിശദമാക്കാമോ ;

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ I ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രകാരം താഴെപറയുന്ന പ്രവർത്തിയിനങ്ങളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ തൊഴിലാളികൾ ഏറ്റെടുക്കേണ്ടതായി വരും.

1. ജലസംരക്ഷണവും ജലകൊയ്ത്തും (കോണ്ടൂർ ട്രഞ്ചുകളും ബണ്ടുകളും, ബൗൾഡർ ചെക്കുകൾ, ഗ്യാബിയോൺ നിർമ്മാണം, അണ്ടർഗ്രൗണ്ട് ഡൈക്കുകൾ, ജലസംഭരണി, സ്റ്റോപ്പ് ഡാം, നീരുറവയുടെ വികസനം)
2. വരൾച്ച തടയൽ (വനവത്കരണം, വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ)
3. സൂക്ഷ്മ, ചെറുകിട, ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജലസേചന പ്രവൃത്തികൾ
4. ജലസേചന സൗകര്യങ്ങൾ, കൃഷിയിടങ്ങളിലെ കുളങ്ങൾ, ഹോർട്ടികൾച്ചർ, തോട്ടകൃഷി, ഫാം ബണ്ടിംഗ്, ഭൂവികസനം എന്നിവ * (ഖണ്ഡിക 3 പ്രകാരം)
5. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം - കുളങ്ങളുടെ ചെളി നീക്കൽ ഉൾപ്പെടെ

6. ഭൂവികസനം
7. വെള്ളപ്പൊക്ക നിയന്ത്രണം-വെള്ളക്കെട്ട് പ്രദേശങ്ങളിൽ വെള്ളം ഒഴുക്കി കളയുന്നതിനുള്ള പ്രവർത്തനങ്ങൾ, തീരസംരക്ഷണത്തിനുവേണ്ടിയുള്ള സ്റ്റോം വാട്ടർ ഡ്രെയിൻസ്
8. എല്ലാകാലവസ്ഥയിലും ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യം (കൾവർട്ടുകൾ ഉൾപ്പടെ)
9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം
10. കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ (നഡേപ്പ് കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ്യ ജൈവവളങ്ങൾ)
11. കന്നുകാലി പരിപാലനം (കോഴിക്കൂട്, ആടിനുള്ള ആല, കന്നുകാലികൾക്ക് (cattle) വേണ്ടിയുള്ള തൊഴുത്തിന്റെ തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി ഫീഡായി ഉപയോഗിക്കുന്ന അസോള കൃഷി
12. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (പൊതുസ്ഥലങ്ങളിലെ ജലസംഭരണികളിലെ മത്സ്യകൃഷി)
13. തീരദേശ പരിപാലന പ്രവർത്തനങ്ങൾ (മത്സ്യം ഉണക്കുന്നതിനുള്ള യാർഡുകൾ ബെൽറ്റ് വെജിറ്റേഷൻ മുതലായവ)
14. ഗ്രാമീണ കുടിവെള്ള പ്രവർത്തനങ്ങൾ (സോക്പിറ്റ്, റീചാർജ്ജ് പിറ്റ് മുതലായവ)
15. ഗ്രാമീണ ശുചിത്വമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (വ്യക്തിഗത കക്കൂസ്, സ്കൂൾ ശൗചാലയം, അംഗൻവാടി ശൗചാലയം, ഖരദ്രവമാലിന്യ സംസ്കരണം)
16. സംസ്ഥാനസർക്കാരുമായി ആലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു പ്രവൃത്തിയും

| | |
|---|---|
| (സി) സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുന്ന കൃഷിപ്പണികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്നവരെക്കൊണ്ട് ചെയ്യിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കാമോ ? | (സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക-1 പ്രകാരം അനുവദനീയമായ പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുവാൻ കഴിയു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ, ബി.പി.എൽ വിഭാഗക്കാർ ഭൂപരിഷ്കരണത്തിന്റെയും ഇന്ദിരാ ആവാസ് യോജനയുടെയും ഗുണഭോക്താക്കൾ/2006 ലെ വനാവകാശ നിയമ പ്രകാരമുള്ള വനവാസികൾ, ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ സ്വകാര്യ ഭൂമിയിൽ ജലസേചന സൗകര്യം കൃഷിക്ക് ആവശ്യമായ കുളം, ഹോർട്ടികൾച്ചർ, പ്ലാന്റേഷൻ, ഫാം ബണ്ടിംഗ്, ഭൂവികസനം, കാർഷിക അനുബന്ധ പ്രവൃത്തികളായ NADEP കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ദ്രവ-ജൈവ വളം നിർമ്മാണം എന്നിവ ഏറ്റെടുക്കുന്നതിന് മാത്രമേ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളു. |

സെക്ഷൻ ഓഫീസർ